പതിനാലാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

3/12/18

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : T 1230

12/12/2018-ൽ മറുപടി
നൽകേണ്ടത്

## പെരുമ്പുഴ കടവ് പാലത്തിന്റെ അപ്രോച്ച് റോഡ് പുനർനിർമ്മാണം

**ചോദ്യം**

**ശ്രീ. സി. എഫ്. തോമസ്**

(എ) ചങ്ങനാശ്ശേരി നിയോജക മണ്ഡലത്തിൽ നിർമ്മാണം പൂർത്തീകരണ ഘട്ടത്തിലെത്തിയ പെരുമ്പുഴ കടവ് പാലത്തിന്റെ തകർന്ന അപ്രോച്ച് റോഡ് പുനർ നിർമ്മാണം ഇപ്പോൾ ഏത് ഘട്ടത്തിലാണ് ;

(ബി) പുനർനിർമ്മാണത്തിനുണ്ടായ കാലതാമസത്തിന്റെ കാരണം എന്താണെന്ന് അറിയിക്കുമോ ; പ്രസ്തുത പ്രവൃത്തിയുടെ അടങ്കൽ തുക എത്രയാണ് ; വ്യക്തമാക്കുമോ ;

(സി) പ്രസ്തുത പാലത്തിന്റെയും അപ്രോച്ച് റോഡിന്റെയും നിർമ്മാണം പൂർത്തിയാകാത്തതു മൂലം ജനങ്ങൾ അനുഭവിക്കുന്ന ബുദ്ധിമുട്ട് പരിഗണിച്ച് സമയബന്ധിതമായി പ്രസ്തുത പ്രവൃത്തി പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ ?

**മറുപടി**

**പിണറായി വിജയൻ**
**(മുഖ്യമന്ത്രി)**

(എ), (ബി), (സി) ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിൽ പെരുമ്പുഴക്കടവ് പാലത്തിന്റെ തകർന്ന അപ്രോച്ച്റോഡ് പുനർനിർമ്മിക്കുന്നതിനായി 350 ലക്ഷം രൂപയുടെ ഭരണാനുമതി 2015-ൽ നൽകിയിരുന്നു. എന്നാൽ ഐ.ഡി.ആർ.ബി. ഡിസൈൻ പ്രകാരം എസ്റ്റിമേറ്റ് തുക 395 ലക്ഷം രൂപ ആയതിനാലും 23-03-2017-ൽ ഭരണാനുമതിയുടെ കാലാവധി തീർന്നതിനാലും പുതുക്കിയ ഭരണാനുമതിക്കായി എസ്റ്റിമേറ്റ് സർക്കാരിൽ ലഭിച്ചിരുന്നു. ചീഫ് ടെക്നിക്കൽ എക്സാമിനറുടെ സൈറ്റ് സന്ദർശനത്തിൽ നടത്തിയ ചില നിരീക്ഷണങ്ങൾക്ക് വിധേയമായി ഡിസൈനിൽ ഭേദഗതികൾ വരുത്തേണ്ടിവന്നതിനാൽ വീണ്ടും ഐ.ഡി.ആർ.ബി. ഡിസൈൻ രൂപകൽപന നടത്തുകയും പൂർണ്ണമായും ലാൻഡ് സ്പാൻ ആയ ഡിസൈൻ നൽകിയതിന്റെ അടിസ്ഥാനത്തിൽ 450 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ്, ഭരണാനുമതി പുതുക്കി നൽകുന്നതിന് സർക്കാരിൽ ലഭ്യമായിട്ടുണ്ട്. ആയത് പരിശോധിച്ചു വരുന്നു.

(signature)

സെക്ഷൻ ഓഫീസർ